## 206

വന്ദനം യേശുപരാ! നിനക്കെന്നും വന്ദനം യേശുപരാ!
വന്ദനം ചെയ്യുന്നു നിന്നടിയാർ തിരുനാമത്തിന്നാദരാവായ്

1 ഇന്നു നിൻ സന്നിധിയിൽ അടിയാർക്കു വന്നു ചേരുവതിന്നായ്
തന്ന നിന്നുന്നതമാം കൃപയ്ക്കഭിവന്ദനം ചെയ്തിടുന്നു-

2 നിൻ രുധിരമതിനാൽ പ്രതിഷ്ഠിച്ച ജീവപുതുവഴിയായ്
നിന്നടിയാർക്കു പിതാവിൻ സന്നിധൗ വന്നിടാമെ സതതം

3 ഇത്രമഹത്ത്വമുള്ള പദവിയെ ഇപ്പുഴുക്കൾക്കരുളാൻ
പാത്രതയേതുമില്ല നിന്റെ കൃപയെത്ര വിചിത്രമഹോ!-

4 വാനദൂതഗണങ്ങൾ മനോഹരഗാനങ്ങളാൽ സതതം
ഊനമെന്യേ പുകഴ്ത്തി സ്തുതിക്കുന്ന വാനവനേ നിനക്കു-

5 മന്നരിൽ മന്നവൻ നീ മനുകുലത്തിന്നു രക്ഷാകരൻ നീ
മിന്നും പ്രഭാവമുള്ളോൻ പിതാവിന്നു സന്നിഭൻ നീയല്ലയോ-

6 നീയൊഴികെ ഞങ്ങൾക്കു സുരലോകെയാരുള്ളു ജീവനാഥാ!
നീയൊഴികെയിഹത്തിൽ മറ്റാരുമി ല്ലാഗ്രഹിപ്പാൻ പരനേ!-

P.V.T.